## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 104    31.10.2019 -ൽ മറുപടിക്ക്**

## നിർമ്മാണങ്ങളിൽ നിലവാരം ഉറപ്പാക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.വി.അൻവർ<br>ശ്രീ.ജയിംസ് മാത്യു<br>ശ്രീ.ആന്റണി ജോൺ<br>ശ്രീ.കാരാട്ട് റസാഖ് | ശ്രീ.ജി.സുധാകരൻ<br>: (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) മുൻ സർക്കാരിന്റെ കാലത്ത് ഉദ്യോഗസ്ഥരുടെയും കരാറുകാരുടെയും കൂട്ടുകെട്ട് പാലാരിവട്ടം ഉൾപ്പെടെ വിവിധ റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ എന്നിവയുടെ നിർമ്മാണത്തിൽ വ്യാപകമായി നടത്തിയിരുന്ന അഴിമതി അവസാനിപ്പിക്കുവാൻ സാധ്യമായിട്ടുണ്ടോ; | (എ) പൊതുവേ സാദ്ധ്യമായിട്ടുണ്ട്. എന്നാൽ ഇപ്പോഴും ചില ഉദ്യോഗസ്ഥർ അഴിമതിയും ക്രമക്കേടും കാട്ടി നടപടി വാങ്ങുന്നുണ്ട്. പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികളിൽ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി ത്രിതല ഗുണനിലവാര പരിശോധനകൾ നടപ്പിലാക്കി വരുന്നു. കൂടാതെ, അഴിമതികളെക്കുറിച്ച് പരാതി ലഭിക്കുന്ന പക്ഷം അന്വേഷണം താമസംവിനാ നടത്തുന്നതിനായി പൊതുമരാമത്ത് വകുപ്പ് വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തിയിട്ടുണ്ട്. കുറ്റക്കാരായി കണ്ടെത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ സസ്പെൻഷൻ, സ്ഥലംമാറ്റം, വാർഷിക വേതന വർദ്ധനവ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ തടയൽ, നഷ്ടപരിഹാരം ഈടാക്കൽ എന്നിവയുൾപ്പെടുന്ന കർശന ശിക്ഷണ നടപടികളും ഏർപ്പെടുത്തുക വഴി അഴിമതികൾ നിയന്ത്രിക്കാനും വളരെയേറെ ഇല്ലാതാക്കാനും സാധിച്ചിട്ടുണ്ട്. |

(ബി) പൊതുമരാമത്ത് വകുപ്പിന്റെ പൊട്ടിപ്പൊളിഞ്ഞ റോഡുകളിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ കാര്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ വകുപ്പിൽ ലഭ്യമാണോ;

(ബി) ലഭ്യമാണ്.

(സി) കിഫ്ബി ഫണ്ടുൾപ്പെടെ ഉപയോഗിച്ചുള്ള നിർമ്മാണങ്ങളിൽ ഉന്നത നിലവാരം ഉറപ്പാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ;

(സി) കിഫ്ബി ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനായി വിവിധ സർക്കാർ ഏജൻസികളെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിൽ റോഡുകളുടേയും പാലങ്ങളുടേയും നിർമ്മാണ പ്രവൃത്തികളുടെ ഏകോപനത്തിന്റെ പ്രധാന ചുമതല കേരള റോഡ് ഫണ്ട് ബോർഡിനാണ്. ഉന്നത നിലവാരത്തിനാവശ്യമായ ഘടകങ്ങൾ ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റും വിശദമായ പ്രോജക്ട് റിപ്പോർട്ടും തയ്യാറാക്കുന്നത്. അവയുടെ സൂക്ഷ്മ പരിശോധന കിഫ്ബി നടത്തിയ ശേഷം, ആവശ്യമെങ്കിൽ മാറ്റങ്ങൾ വരുത്തിയിട്ടാണ് പ്രവൃത്തികൾക്ക് സാമ്പത്തികാംഗീകാരം നൽകുന്നത്. പൊതുമരാമത്ത് ക്വാളിറ്റി മാനദണ്ഡങ്ങളും കിഫ്ബി മാനദണ്ഡങ്ങളും കർശനമായി പാലിച്ചുകൊണ്ടാണ് പ്രവൃത്തികൾ പുരോഗമിക്കുന്നത്. ഇതിലേയ്ക്കായി ചുമതലപ്പെടുത്തിയിട്ടുള്ള പൊതുമരാമത്ത് വകുപ്പിലെ എഞ്ചിനീയർമാർക്കൊപ്പം പ്രവൃത്തികളിൽ നേരിട്ട് മേൽനോട്ടം വഹിക്കുന്നതിനായി 89 പ്രോജക്ട് എഞ്ചിനീയർമാരേയും 200 സൈറ്റ് സൂപ്പർവൈസർമാരേയും നിയമിച്ചിട്ടുണ്ട്. മൂന്ന് ഘട്ടങ്ങളിലായുള്ള ഗുണനിലവാര

പരിശോധനയാണ് നടത്തിവരുന്നത്. പ്രാഥമികഘട്ട പരിശോധന നടത്തുന്നതിനായി സൈറ്റുകളിൽ തന്നെ പരിശോധനാലാബ് സജ്ജീകരിച്ചിട്ടുണ്ട്. രണ്ടാംഘട്ട പരിശോധന പൊതുമരാമത്ത് ക്വാളിറ്റി കൺട്രോൾ വിഭാഗം മുഖേന നടത്തി വരുന്നു. കൂടാതെ, മൊബൈൽ ക്വാളിറ്റി മാനേജ്മെന്റ് യൂണിറ്റ് (കിഫ്ബി ഓട്ടോ ലാബ്) ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഉപയോഗിച്ച് കിഫ്ബി സാങ്കേതിക വിഭാഗം എല്ലാ സൈറ്റുകളിലും ഇൻസ്പെക്ഷൻ നടത്തി നിർമ്മാണങ്ങളുടെ നിലവാരം ഉറപ്പ് വരുത്തുന്നുണ്ട്.

| | | | |
|---|---|---|---|
| (ഡി) | നിർമ്മാണത്തിൽ വീഴ്ച കണ്ടെത്തുന്ന സാഹചര്യത്തിൽ കരാറുകാരിൽ നിന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും നഷ്ടം ഈടാക്കാൻ നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിക്കുമോ? | (ഡി) | Defect Liability Period-ൽ ഉണ്ടാകുന്ന എല്ലാ കേടുപാടുകളും കോൺട്രാക്ടർ സ്വന്തം ചിലവിൽ നന്നാക്കണമെന്നും ഇതിൽ വീഴ്ച വരുത്തുന്ന പക്ഷം ഫൈൻ ഉൾപ്പെടെ എല്ലാ നഷ്ടങ്ങളും ബില്ലിൽ നിന്ന് കുറയ്ക്കുകയോ Performance Guarantee -ൽ നിന്നും ഈടാക്കുകയോ ചെയ്യുന്നതാണ്. ഗൗരവമായ വീഴ്ചകൾ വരുത്തുന്ന കരാറുകാരുടെ ലൈസൻസ് റദ്ദാക്കുന്നതിനും കരിമ്പട്ടികയിൽ പ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.<br>നിർമ്മാണത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ പൊതുമരാമത്ത് വകുപ്പിൽ നിലവിലുള്ള ചട്ടങ്ങൾക്ക് അനുസൃതമായി കർശനമായ നടപടികൾ സ്വീകരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ